"ഭരണഭാഷ-മാതൃഭാഷ"

സമയബന്ധിതം
വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ഇ2/32475/14 KSHB ശാന്തിനഗർ, തിരുവനന്തപുരം
തീയതി: 9.07.2014.

## സർക്കുലർ

സർ,

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം - സംബന്ധിച്ച്:

സൂചന : 1) 16.5.14 ലെ C3/23384/14 നമ്പരായ സർക്കുലർ.
2) 28/5/14 ലെ E2/11303/14 നമ്പരായ സർക്കുലർ.
3) DGET യുടെ 4/07/14-ലെ DGET-19/06(1)/2014-CD നമ്പരായ കത്ത്.

********

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. അഞ്ച് വർഷത്തിനു മുൻപ് ആരംഭിച്ചിട്ടുള്ള എല്ലാ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളും വീണ്ടും അഫിലിയേഷൻ നേടിയെടുക്കേണ്ടതാണെന്ന് DGET നിർദ്ദേശിച്ചിരുന്നതനുസരിച്ച് റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സംഭരണം നടത്തുന്നതിനുള്ള ശുപാർശകൾ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി അയച്ചുതരണമെന്ന് സൂചന (2) സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

DGET യുടെ 2/3/2014/സിഡി. നമ്പരായ 17/06/14 ലെ കത്ത് പ്രകാരം 63 ട്രേഡുകളുടെ സിലബസ് റിവൈസ് ചെയ്തിരുന്നു. കൂടാതെ നിലവിലുള്ള 20 ട്രേഡുകൾ ആഗസ്റ്റ് 2015 സെഷൻ മുതൽ നിർത്തലാക്കുന്നതായും സൂചന (3) പ്രകാരം DGET അറിയിച്ചിരിക്കുന്നു. മേൽസാഹചര്യത്തിൽ റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിന് താങ്കളുടെ സ്ഥാപനത്തിൽ നിന്നും അയച്ചുതന്ന ശുപാർശ, 2014 ലെ സിലബസ് പരിഷ്കരിച്ചതിനനുസരിച്ചുള്ളതാണോ

യെന്നും ആഗസ്റ്റ് 2015 സെഷൻ മുതൽ നിർത്തലാക്കാൻ DGET നിർദ്ദേശിച്ച 20 ട്രേഡുകൾ ഉൾപ്പെട്ടിട്ടില്ലായെന്നുമുള്ള ഒരു സത്യവാങ്മൂലം 11.7.14 ന് വൈകുന്നേരം 3 മണിക്ക് മുൻപ് purchasedt@gmail.com. എന്ന മെയിൽ ഐ.ഡി.യിൽ അയച്ചുതരേണ്ടതാണ്.

## സത്യവാങ്മൂലം

28/05/14 ലെ ഇ2/11303/14 നമ്പരായ സർക്കുലർ അനുസരിച്ച് എന്റെ സ്ഥാപനത്തിൽ നിന്നും റീ അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം നടത്തുന്നതിനുള്ള .............. തീയതിയിലെ ...........നമ്പരായ കത്ത് പ്രകാരമുള്ള ശുപാർശ, DGET New Delhi 63 ട്രേഡുകളിലെ സിലബസ് പരിഷ്കരിച്ചതിനനുസരിച്ചുള്ളതാണെന്നും DGET യുടെ 4/7/14 ലെ കത്ത് പ്രകാരം നിർത്തലാക്കിയ 20 ട്രേഡുകൾ ടി ശുപാർശയിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും ഇതിനാൽ ഉറപ്പു വരുത്തുന്നു.

ഒപ്പ്

പേര്......................

സ്ഥലം: തസ്തിക................

തീയതി: ഐ.ടി.ഐ.യുടെ പേര്.................

മേൽപ്പറഞ്ഞ രീതിയിലുള്ള ശുപാർശ അല്ല താങ്കൾ തന്നിട്ടുള്ളതെങ്കിൽ നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ പുതുക്കിയ ശുപാർശ (സിഡി ഉൾപ്പെടെ) മേൽപരാമർശിച്ച തീയതിക്കുള്ളിൽ ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

നാളിതുവരെയായിട്ടും ശുപാർശ അയച്ചുതരാത്ത സ്ഥാപനങ്ങൾ കാലതാമസത്തിനുള്ള വിശദീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും

വാങ്ങി മേൽപ്പറഞ്ഞ രീതിയിൽ നിശ്ചിത പ്രൊഫോർമയിൽ ശുപാർശ തയ്യാറാക്കി 11/7/14 ന് മുൻപ് ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള ശുപാർശകളുടെ സിഡി 14/7/14 ന് രാവിലെ 12 മണിയ്ക്ക് മുൻപ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കർശന ശിക്ഷണനടപടികൾ കൈക്കൊള്ളുന്നതിന് നിർബന്ധിതമാകുമെന്ന വസ്തുതയും അറിയിച്ചുകൊള്ളുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും.

പകർപ്പ്:

1) JAA(C) (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2) സംഭരണ ഫയൽ ഇ2

ബി.9-07-14